**Week -4**

# Weekly Devotion - 2017 March

# The silencing Darkness

## (ദുഷ്ടനെ നിശബ്ദനാക്കുന്ന ഇരുൾ)




പ്രതിദിന വായനയ്ക്കായി ഉപയോഗിക്കുന്ന മാസികയിലെ ഒരു പ്രാർത്ഥനാ വിഷയം രേഖപ്പെടുത്തുന്നു. ''എതിർക്രിസ്തു എന്ന് സ്വയം വെളിപ്പെടുത്തിയ മാരിയോ ലൂസി എന്ന യുവാവിന്റെ കുത്തേറ്റ് ഗുരുതരാവസ്ഥയിലായിരിക്കുന്ന ഫാദർ കാനിയോ സഹായി അന്റോണിയോ ഇവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഈ വിഷയം കേട്ട് ആരും അത്ഭുതപ്പെടേണ്ട. ഇന്ന് ദിനപ്പത്രങ്ങളും വാർത്താ മാധ്യമങ്ങളും ശ്രദ്ധിച്ചാൽ എതിർക്രിസ്തുവിന്റെ ആത്മാവുള്ളവരുടെ പ്രവർത്തിയും, വേഷഭൂഷാദികളും കാണുവാൻ കഴിയുന്നു. എതിർക്രിസ്തുവിന്റെ ആത്മാവുള്ളവരുടെ പ്രവർത്തികളെ ദുഷ്പ്രവർത്തികളെന്നു പറയുന്നു. ആതുര മേഖലയിലും ആത്മീയ മേഖലയിലും വ്യവസായ വിദ്യാഭ്യാസ രാഷ്ട്രീയ മേഖലയിലും ഈ ദുഷ്പ്രവണതകൾ കാണാം. ദേശത്ത് ദുഷ്ടത വർദ്ധിച്ചാൽ ദേശം നശിക്കും.

ദുഷ്ടൻമാർ അന്ധകാരത്തിൽ മിണ്ടാതെയാകുന്നു കാരണം ദുഷ്ടന്റെ വിളക്ക് കെട്ടു പോകുന്നു

"Darkness can be defined as an absence of light"

Wayne Blank

വെളിച്ചം ഇല്ലാത്ത അവസ്ഥയ്ക്കാണ് ഇരുട്ട് എന്ന് പറയുന്നത്. സൃഷ്ടിപ്പിൽ വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു. ഇരുൾ വ്യാപിച്ചിരുന്നു. വെളിച്ചം നല്ലതെന്നു കണ്ട ദൈവമാണ് വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചത്. (ഉല്പത്തി 1:4) വെളിച്ചത്തെയും ഇരുളിനെയും യേശു നിർവചിക്കുന്നത് യോഹ:(8:12)ൽ കാണുന്നു. ''ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു''. ഈ വെളിച്ചത്തിൽ നടക്കുന്നവർ വെളിച്ചത്തിന്റെ മക്കളും , ക്രിസ്തുവാകുന്ന വെളിച്ചത്തിൽ നടക്കാത്തവർ ഇരുട്ടിന്റെ മക്കളുമാകുന്നു. സങ്കീ:(27:1)ൽ യഹോവ എന്റെ വെളിച്ചം എന്നു കാണുന്നു. വെളിച്ചം ക്രിസ്തു എങ്കിൽ , ഇരുട്ട് എതിർക്രിസ്തു ആകുന്നു. ദൈവത്തെ അറിഞ്ഞിട്ടും ദൈവമെന്ന് ഓർത്ത് മഹത്വീകരിക്കാതെ, നന്ദി കരേറ്റാതെ ജീവിക്കുന്ന വിവേകശൂന്യരുടെ ഹൃദയം ഇരുട്ടുള്ളതാകുന്നു.

**<u>വചനത്തിൽ നിന്നും ഇരുളിനെപ്പറ്റി ലഭിക്കുന്ന ചില ആശയങ്ങൾ</u>**

1. **<u>ഇരുളിൽ നടക്കുന്നവരുടെ സ്വഭാവം ദൃശ്യമാകുന്നു</u>**

ഉല്പത്തി (6:5) ദൈവം തന്റെ സൃഷ്ടിയുടെ സ്വഭാവത്തെപ്പറ്റി വ്യക്തമാക്കുന്നു. (a) ദുഷ്ടത വലിയത് ,(b) ഹൃദയ വിചാരങ്ങളുടെ നിരൂപണങ്ങൾ ദോഷമുള്ളത്. , (c) ദുഷ്ടൻമാരുടെ വായ് വക്രതയുള്ളതാകയാൽ യഹോവ അവരെ വെറുക്കുന്നു (സദൃ 10:20) , (d) ദുഷ്ടൻമാരുടെ പ്രവർത്തിയുടെ ഫലത്താൽ വീട് മുടിഞ്ഞു പോകുന്നു.

ദോഷം ചെയ്യുവാൻ നിരൂപിക്കുന്നവനെ ദുഷ്ക്കർമ്മി എന്ന് പറയുന്നു. ദുഷ്ടന്റെ പ്രവർത്തികൾ ദുഷ്ടത നിറഞ്ഞതാണ്.

"From evildoers come evil deeds"

An old saying in (1st Samuel 24:13)

2. ദുഷ്ടത തീ പോലെ പടരുന്നു. നാടും നാട്ടുകാരും മുടിഞ്ഞാലും സാരമില്ല നമുക്കും കിട്ടണം കോടികൾ എന്ന ചിന്തയോടെയുള്ള കുതികാൽ വെട്ട്, പിൻവാതിലിലൂടെ അധികാരക്കസേരയ്ക്കുള്ള കള്ളക്കളികൾ ഇതെല്ലാം നാം ദിനപത്രങ്ങളിൽ കാണുന്നു. അധികാരക്കസേര അഴിമതിക്കസേരയായിട്ടും അവർക്ക് ജയ് വിളിക്കുന്ന സുബോധം ഇല്ലാത്തവരെ കണ്ട് ദു:ഖിക്കുക മാത്രമേ നമുക്ക് ചെയ്യുവാൻ കഴിയുകയുള്ളൂ.

''ദുഷ്ടത തീ പോലെ ജ്വലിക്കുന്നു'' എന്ന് യെശ: (9:18) ൽ കാണുന്നു.

3. ഇരുളിൽ നടക്കുന്നവന്റെ വഴി വളഞ്ഞ വഴിയാണ്. ചതിയൻമാരായ ഇവരെ യഹോവ വെറുക്കുന്നു കാരണം വെളിച്ചം സ്വീകരിക്കുവാൻ വിമുഖത കാട്ടുന്നു. ഉദാ: യൂദ വെളിച്ചമായ യേശുവിനോടൊപ്പം നടന്നിട്ടും , വെളിച്ചം സ്വീകരിക്കാത്ത ഇവൻ സ്വീകരിച്ചത് ഇരുളിന്റെ വഴിയാകയാൽ ദുഷ്ടൻ നശിച്ചുപോയി. എന്നാൽ ശൗൽ ഇരുട്ടിൽ നടന്നിട്ടും , വെളിച്ചം കണ്ടപ്പോൾ സ്വീകരിച്ചു അതിനാൽ ശബ്ദവും കേട്ടു. (അപ്പോ:22:5-11)

(2) **<u>ന്യായവിധി(Judgement)</u>**

ഇരുൾ എന്നതിന്റെ മറ്റൊരാശയമാണ് ന്യായവിധി. ഇരുട്ടിൽ നടന്ന ഏലിയുടെ മക്കളുടെ ദുഷ്ടത (1ശമു:2:16,17) അവരുടെ ന്യായവിധി കഠിനമാക്കി. (1 ശമു:2:33, 34) , (1 ശമു 4:17, 18). പ്രകൃതിയിൽ കണ്ട ഇരുട്ടാണ് മോശ ആ കൈ ആകാശത്തേക്കുയർത്തിയപ്പോൾ കണ്ടത് പുറ:(10:21 -29) . ഈ വാക്യങ്ങളിൽ കാണുന്ന

ന്യായവിധി ഭയാനകമായതാണ് . സ്പർശിക്കത്തക്ക ഇരുൾ , മൂന്ന് ദിവസം ഇരുന്നിടത്തു നിന്നും എഴുന്നേൽക്കുവാൻ കഴിയാത്ത വിധമുള്ള ഇരുട്ട് ഇതെല്ലാം ഉണ്ടായിട്ടും മാറ്റം വരാത്തവന്റെ മേൽ വരുന്നത് സംഹാരകന്റെ സന്ദർശനമാകുന്ന ന്യായവിധിയാണ്. ഇതെല്ലാം വലയ്ക്കും മുൻപ് രക്ഷയാഗ്രഹിക്കുന്നവർ മാറ്റം വരുത്തുന്നതാണ് നല്ലത്. അല്ലെങ്കിൽ ''ഒടുക്കം എന്തു ചെയ്യും''? എന്ന ചോദ്യത്തിനുത്തരം കാണുകയില്ല. ആറടിമണ്ണുമാത്രമാണ് അവകാശമായിട്ടുള്ളത്. , മറക്കരുത്.

### (3) നിശബ്ദരാക്കുന്ന ഇരുൾ

നിശബ്ദരാക്കുക എന്നതിന് പ്രവർത്തിക്കാത്ത നിശ്ചലമായ അവസ്ഥയെന്നോ, ജീവനുണ്ട് ശബ്ദമില്ലാത്ത അവസ്ഥയെന്നോ പറയാം. അതായത് മരണം സംഭവിച്ച അവസ്ഥ

1. ശാരീരിക മരണം - ഇത് ശരീരവും ആത്മാവും തമ്മിലുള്ള വേർപാട് നടക്കുമ്പോൾ .

2. ആത്മീക മരണം - ഇത് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ആത്മാവ് ദൈവത്തിൽ നിന്നകലുന്ന അവസ്ഥ ഇതാണ് ഉല്പത്തി (3) ൽ ആദിമാതാപിതാക്കൾക്ക് സംഭവിച്ചത്. ഇന്ന് നമുക്ക് സംഭവിക്കുന്നത്, എപ്പോൾ? (1 യോഹ:5:12) ൽ പറയുന്നു. പുത്രനുള്ളവന് ജീവൻ ഉണ്ട്, ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല. എബ്രാ:(4:12)ൽ പറയുന്നു ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതാണെന്ന്. ആത്മീയ ജീവനും , ആത്മ ചൈതന്യവും വേണമെങ്കിൽ വചനം ഹൃദയത്തിൽ സൂക്ഷിക്കണം.

ആത്മീയ ജീവനുള്ളവരായി ഇരുട്ടിനെ ഉപേക്ഷിച്ചാൽ നാം ചെന്നെത്തുന്ന വാസസ്ഥലത്തിനും ഒരു പ്രത്യേകതയുണ്ട്. നഗരത്തിൽ പ്രകാശം തരുവാൻ കുഞ്ഞാടാകുന്ന വിളക്കുണ്ട്. രാത്രി ഇവിടെ ഇല്ല. കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതപ്പെട്ടതല്ലാതെ ആരും ഈ നഗരത്തിൽ എത്തുന്നില്ല. മ്ലേച്ഛതയും, ഭോഷ്ക്കും, അശുദ്ധിയുടെ പ്രവർത്തികളും ചെയ്ത് ഇരുട്ടിൽ അഥവാ അന്ധകാരത്തിൽ നടന്നവരാരും ഇവിടെ എത്തുന്നില്ല . വെളി:(21:24-27). ഇരുളിൽ നടന്ന ദുഷ്ടൻമാർ നിശബ്ദരാകുമ്പോൾ വെളിച്ചത്തിൽ നടന്ന നീതിമാൻമാർ രാപ്പകൽ വിശ്രമം കൂടാതെ പരിശുദ്ധനെ മഹത്വപ്പെടുത്തുന്നു. (വെളി:4:8). ഏത് കൂട്ടത്തിലാകണം എന്ന് അവരവർക്ക് തീരുമാനിയ്ക്കാം, നിത്യജീവനോ ? നിത്യനരകമോ? നെയ്ത്തോടത്തിലും വേഗതയോടെ പോകുന്നതാണ് നമ്മുടെ നാളുകൾ എന്ന് മറക്കരുത്.

## പ്രാർത്ഥന

പ്രീയയേശുവേ ! ലോകത്തിന്റെ വെളിച്ചം ആയ അങ്ങയോടു ചേർന്ന് നടപ്പാൻ കൃപ തരേണമേ. അതിനായി ജാഗ്രതയോടെ അങ്ങയെ അന്വേഷിച്ച് കണ്ടെത്തി , നിത്യജീവനവകാശികളാകുവാൻ കൃപ ചെയ്യേണമേ. അങ്ങ് പ്രാർത്ഥന കേട്ടതിനായി സ്തോത്രം. യേശുവിൻ നാമത്തിൽ തന്നെ ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind